പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5409

01.07.2019 - ൽ മറുപടിക്ക്.

## വ്യാപാരി വ്യവസായികൾക്ക് സാമ്പത്തിക സഹായം

<u>ചോദ്യം</u>
ശ്രീ. റോജി.എം.ജോൺ

<u>മറുപടി</u>
ശ്രീ. ഇ. പി. ജയരാജൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

| ചോദ്യം | മറുപടി |
|---|---|
| (എ) മഹാപ്രളയത്തിൽ ഏറ്റവും ദുരിതം അനുഭവിച്ച വ്യാപാരി വ്യവസായികളുടെ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) : പ്രളയക്കെടുതിയിൽ ഉൾപ്പെട്ട MSME യൂണിറ്റുകൾക്കും ഷോപ്പുകൾക്കും നേരിട്ട നഷ്ടം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആയവ കണക്കാക്കുന്നതിലേക്കായി ഒരു മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിക്കുകയും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ ചുമതലയിൽ വ്യവസായ വികസന ആഫീസർമാർ ഓരോ യൂണിറ്റുകളും നേരിട്ട് സന്ദർശിച്ച് സർവ്വേ നടത്തി വിവരം ശേഖരിച്ചതിന്റെ അടിസ്ഥാനത്തിൽ 5355 MSME യൂണിറ്റുകൾക്ക് ഏകദേശം 1415.68 കോടി രൂപയുടെയും 16061 ഷോപ്പുകൾക്ക് 624.90 കോടി രൂപയുടെയും നാശ നഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. ദുരന്ത നിവാരണ വകുപ്പിന്റെ 17.12.2018ലെ സ.ഉ. (കൈ) നം.27/2018/DMD ഉത്തരവ് പ്രകാരം 2018ലെ പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവനമാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിലേക്കായി സർക്കാർ 'ഉജ്ജീവന സഹായ പദ്ധതി' പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നു. വ്യവസായ വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തിരം നടത്തിയ സർവ്വേയിൽ ഉൾപ്പെട്ട ചെറുകിട ഇടത്തരം വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ, കടകൾ എന്നിവർക്ക് അവരുടെ സ്ഥാപനങ്ങളുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചു വരുന്നു. വ്യാപാരി ക്ഷേമനിധി ബോർഡും വ്യാപാരി വ്യവസായി സംഘടനകളും സംയുക്തമായി നഷ്ടം വിലയിരുത്തുകയും സംസ്ഥാനത്ത് പ്രളയദുരന്ത മനുഭവിക്കുന്നവരും വ്യാപാരി ക്ഷേമനിധി ബോർഡിൽ അംഗങ്ങളല്ലാത്തവരുമായ 11030 വ്യാപാരികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യാപാരി ക്ഷേമനിധി ബോർഡിന് സർക്കാർ 20 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വ്യാപാരി ക്ഷേമനിധി ബോർഡിൽ |

അംഗങ്ങളായ 1130 പേർക്ക് ക്ഷേമനിധിയിൽ നിന്നും നഷ്ടപരിഹാരം നൽകുന്നതിന് വ്യാപാരി ക്ഷേമനിധി ബോർഡിന് സർക്കാർ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രളയ ദുരിതമുണ്ടായ പഞ്ചായത്തുകളിലെ വ്യാപാരികൾക്ക് 30,000/- രൂപ വീതം ദുരിതാശ്വാസ സഹായം നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(ബി) പ്രളയത്തിൽ സർവ്വതും നഷ്ടപ്പെട്ട് വ്യാപാര സ്ഥാപനങ്ങൾ പൂട്ടിയിടേണ്ടി വന്ന വ്യാപാരി വ്യവസായികൾക്ക് സാമ്പത്തിക സഹായമായി എത്ര രൂപ വീതമാണ് അവരുടെ അക്കൗണ്ടിലോ നേരിട്ടോ നൽകിയതെന്ന് വിശദമാക്കാമോ ;

(ബി) ; ഉജ്ജീവന സഹായ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ബാങ്ക് മുഖാന്തിരമാണ് അനുവദിക്കുന്നത്. 24.06.2019 തീയതി വരെ 1132 MSMEകൾക്കും ഷോപ്പുകൾക്കുമായി 8590.94 ലക്ഷം രൂപ ബാങ്കുകൾ അനുവദിച്ചിട്ടുണ്ട്.

(സി) വീടുകളിൽ വെള്ളം കയറി വൻനാശനഷ്ടം ഉണ്ടായവർക്ക് 10000/- രൂപ അടിയന്തിര സഹായം നൽകിയ സർക്കാർ ജീവനോപാധികൾ സർവ്വതും നഷ്ടപ്പെട്ട വ്യാപാരി വ്യവസായികൾക്ക് ആശ്വാസമായി സാമ്പത്തിക സഹായം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഡി) കടക്കെണിയിൽ നിന്നും ആത്മഹത്യയിലേക്ക് പോകുന്ന ഇവർക്ക് ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കാമോ ; വിശദാംശം ലഭ്യമാക്കാമോ ?

(സി) : & (ഡി) ഉജ്ജീവന സഹായ പദ്ധതി പ്രകാരം വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ പുനഃനിർമ്മാണത്തിന് ബാങ്കുകൾ മുഖാന്തിരം വായ്പകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം ലഭിക്കുന്ന സ്ഥിരമൂലധനത്തിനും/പ്രവർത്തനമൂലധനത്തിനും 25% പരമാവധി 2 ലക്ഷം രൂപ മാർജിൻ മണി ഗ്രാന്റായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ബാങ്കുകൾക്ക് അനുവദിക്കുന്നുണ്ട്.

ഇതിനു പുറമെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം രണ്ട് പ്രളയ പുനർനിർമ്മാണ പദ്ധതികൾ 2019-20 വർഷം മുതൽ നടപ്പിലാക്കി വരുന്നു. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1. പ്രളയം ബാധിച്ച സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള സഹായം (പ്രളയ പുനരുദ്ധാരണ പദ്ധതി) (വിഹിതം: 1000.00 ലക്ഷം രൂപ)**

പ്രളയം ബാധിച്ച സൂക്ഷ്മ ചെറുകിട, ഇടത്തരം സംരംഭക യൂണിറ്റുകളെ പുനരുജ്ജീവിക്കുന്നതിനായി രണ്ടു ഘട്ടങ്ങളിലായി സ്റ്റാർട്ട് അപ്പ് സഹായവും നിക്ഷേപ സഹായവും നൽകുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു.

- സംരംഭങ്ങളുടെ പുനർ നിർമ്മാണത്തിന്റെ ഭാഗമായി മൊത്തം സ്ഥിര മൂലധന നിക്ഷേപത്തിന്റെ (റ്റി.എഫ്.സി.ഐ) 15 ശതമാനം മുതൽ 40 ശതമാനം വരെ സഹായം നൽകും. ഇത് പൊതു വിഭാഗങ്ങൾക്ക് 20 ലക്ഷം രൂപ വരെയും പ്രത്യേക വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് 30

ലക്ഷം രൂപ വരെയും പരിമിതപ്പെടുത്തിയിട്ടുണ്ട്.

- ആകെ സ്ഥിര മൂലധന നിക്ഷേപത്തിൽ
  i. മരാമത്തു ജോലികൾ,
  ii. പ്ലാന്റും മെഷിനറികളും,
  iii. ഉപകരണങ്ങൾ എന്നീ ഘടകങ്ങൾ ഉൾപ്പെടുന്നു.

**2. പ്രളയം ബാധിച്ച സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ യൂണിറ്റുകൾക്കുള്ള പലിശ ധനസഹായം (പ്രളയ പുനർ നിർമ്മാണ പദ്ധതി) (വിഹിതം: 600.00 ലക്ഷം രൂപ)**

ബാങ്കുകളിൽ നിന്നും 8 ശതമാനം പലിശയിളവിൽ ടേം ലോൺ/ പ്രവർത്തന മൂലധന വായ്പ/ വർഷാടിസ്ഥാന ക്രമത്തിൽ പ്രളയം ബാധിച്ച സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക മേഖലയിലെ നിർമ്മാണ സേവന വിഭാഗങ്ങൾക്ക് സഹായധനമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. യൂണിറ്റുകൾക്ക് അർഹമായ പരമാവധി തുക പ്രതി വർഷം 5 ലക്ഷം രൂപയായി പരിമിതപ്പെടുത്തുകയും യൂണിറ്റുകളുടെ പ്രവർത്തനവും/ ലാഭക്ഷമതയും ബാങ്കുകൾ കണക്കാക്കി സഹായം 3 വർഷം വരെ വർദ്ധിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.

- ഈ സഹായം സൂക്ഷ്മ, ചെറുകിട, ഇടത്തരം നിർമ്മാണ സേവന സംരംഭങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.

- സഹായം ബാങ്കുമായി ബന്ധപ്പെടുത്തിയിട്ടുള്ള ഗ്രാന്റിന്റെ രൂപത്തിലും വ്യവസായ വകുപ്പിന്റെ വ്യക്തമായ മാർഗ്ഗ രേഖയുടെ അടിസ്ഥാനത്തിലുമായിരിക്കും.

സെക്ഷൻ ഓഫീസർ

ഒക/17/06/19